**Lalith Babu**

# പണ്ടാരവക ഭൂമി

തിരുവിതാംകൂറിലെ ചില പഴയ ആധാരങ്ങളിൽ പണ്ടാരവക ഭൂമി എന്ന് കാണാറുണ്ട്. അത് മുമ്പ് സർക്കാരിന്റെ ഭൂമിയായിരുന്നു എന്നാണു ഇതിനർത്ഥം. ഭണ്ഡാരം എന്ന പദമാണ് പണ്ടാരം എന്നായി മാറിയത്. ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി തിരുവിതാംകൂറിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന ഭൂമി ജനങ്ങൾക്കു കൃഷി ചെയ്യാനായി പാട്ടത്തിനു നൽകിയിരുന്നു. പണ്ടാരപ്പാട്ടം എന്നാണ് ഈ വ്യവസ്ഥ അറിയപ്പെട്ടിരുന്നത്. 1865 ൽ ആയില്യം തിരുനാൾ മഹാരാജാവ് പുറപ്പെടുവിച്ച ഒരു രാജകീയ വിളംബരത്തിലൂടെ പണ്ടാരവക ഭൂമി കൈവശം വച്ചിരുന്നവർക്കു ജന്മാവകാശം നൽകു കയും കുടിയാനെ കാരണം കൂടാതെ ഒഴിപ്പിക്കുന്നതു തടയുകയും കുടിയാനിൽ നിന്നും ഒരു നിശ്ചിത തുക ഈടാക്കിക്കൊണ്ട് കുടിയാന് ഭൂമിയിൽ ഉടമ സ്ഥാവകാശം നൽകുകയും ചെയ്തു. പണ്ടാരപ്പാട്ട വിളംബരം **(Pandara Patta Proclamation)** എന്നാണു ഈ വിളംബരം അറിയപ്പെടുന്നത്. തിരുവിതാംകൂറിൽ വലിയ സാമൂഹ്യ മാറ്റത്തിനു ഈ വിളംബരം തുടക്കം കുറിച്ചു. ഇന്ത്യയിലെ തന്നെ ആദ്യ ഭൂപരിഷ്കരണ നിയമമാണ് ഈ വിളംബരം എന്ന് പറയാവുന്നതാണ്. തിരുവിതാംകൂർ കർഷകരുടെ മാഗ്നാകാർട്ട എന്ന് ഈ വിളംബരം വിശേഷിപ്പിക്കപ്പെടുന്നു